ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.04.2025**

## പ്രധാനവാർത്തകൾ

1. ലഹരി പരിശോധനയിൽ നിന്ന് ആരെയും ഒഴിച്ചു നിർത്തില്ലെന്നും, വിവരം ലഭിച്ചാൽ എവിടെയും പരിശോധന നടത്തുമെന്നും മന്ത്രി എം.ബി രാജേഷ്.

2. സിനിമാ ഷൂട്ടിംഗ് സെറ്റിലെ ലഹരി ഉപയോഗം സംബന്ധിച്ച നടിയുടെ വെളിപ്പെടുത്തൽ സർക്കാർ അന്വേഷിക്കുമെന്ന് മന്ത്രി സജി ചെറിയാൻ.

3. യേശുക്രിസ്തുവിൻറെ പീഡാനുഭവ സ്മരണയിൽ ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു. ദേവാലയങ്ങളിൽ കുരിശിന്റെ വഴി ഉൾപ്പെടെയുള്ള ചടങ്ങുകൾ നടന്നു.

4. വനിതാ സിപിഒ റാങ്ക് ലിസ്റ്റ് കാലാവധി നാളെ അവസാനിക്കാനിരിക്കെ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന മൂന്ന് ഉദ്യോഗാർഥികൾ ഉൾപ്പെടെ 45 പേർക്ക് കൂടി അഡ്വൈസ് മെമ്മോ ലഭിച്ചു.

5. ഐപിഎൽ ട്വൻറി- 20 ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പഞ്ചാബ് കിംഗ്സ് പോരാട്ടം.

&&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 2

## മന്ത്രി സജി ചെറിയാൻ

ഷൂട്ടിംഗിനിടയിൽ ലഹരി ഉപയോഗിച്ച നടൻ മോശമായി പെരുമാറിയെന്ന നടി വിൻസി അലോഷ്യസിന്റെ പരാതി ഗൗരവമുള്ളതാണെന്നും സർക്കാർ അന്വേഷിക്കുമെന്നും സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. ഇത്തരം സന്ദർഭങ്ങളിൽ പ്രതികരിക്കുകയും നിയമപരമായ പരിഹാരത്തിന് ധൈര്യപൂർവ്വം നിലപാട് സ്വീകരിക്കുകയും ചെയ്ത നടിയുടെ സമീപനം അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു. രാജ്യത്തിന് തന്നെ മാതൃകയായ മലയാള സിനിമാ മേഖലയ്ക്ക് മങ്ങലേൽപ്പിക്കുന്ന യാതൊരു പെരുമാറ്റവും അംഗീകരിക്കാൻ സാധിക്കില്ലെന്നും അത്തരക്കാർക്കെതിരെ മുഖം നോക്കാതെ നടപടിയുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 1

## എം.ബി രാജേഷ് (ഇൻട്രോ)

ലഹരി പരിശോധനയിൽ നിന്ന് ആരെയും ഒഴിച്ചു നിർത്തില്ലെന്നും ഇതു സംബന്ധിച്ച വിവരം ലഭിച്ചാൽ എവിടെയും പരിശോധന നടത്തുമെന്നും മന്ത്രി എം.ബി രാജേഷ്. ലഹരി ഉപയോഗം സംബന്ധിച്ച ഏത് വിവരവും സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്നും മന്ത്രി പറഞ്ഞു. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ ജനങ്ങളിൽ നിന്ന് മികച്ച പിന്തുണയാണ് ലഭിക്കുന്നതെന്നും മന്ത്രി പാലക്കാട് പറഞ്ഞു.
**(ഹോൾഡ് വോയ്സ്......)**

&&&&&&&&&&&&&&&&&&&&

## ഷൈൻ ടോം - പോലീസ്

നടൻ ഷൈൻ ടോം ചാക്കോയ്ക്കെതിരെ നിലവിൽ കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് നാർകോട്ടിക്സ് കൺട്രോൾ എസിപി അബ്ദുൾ സലാം. തുടർ നടപടികൾ മേലുദ്യോഗസ്ഥരുമായി ആലോചിച്ച് തീരുമാനിക്കും. ഹോട്ടലിൽ

RNU TVPM

നിന്ന് ഓടിപോയതത് എന്തിനാണെന്ന് ചോദ്യം ചെയ്താൽ മാത്രമേ അറിയാൻ സാധിക്കൂ എന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

## സിപിഒ - റാങ്ക് ലിസ്റ്റ്

വനിതാ സിപിഒ റാങ്ക് ലിസ്റ്റിൻറെ കാലാവധി നാളെ അവസാനിക്കാനിരിക്കെ സമരപ്പന്തലിൽ ഉണ്ടായിരുന്ന മൂന്ന് ഉദ്യോഗാർഥികൾ ഉൾപ്പെടെ 45 പേർക്ക് കൂടി അഡ്വൈസ് മെമ്മോ ലഭിച്ചു. എന്നാൽ അഡ്വൈസ് മെമോ ലഭിക്കാത്തവർ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം തുടരും.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## ദുഃഖവെള്ളി (ഇൻട്രോ)

യേശുക്രിസ്തുവിൻറെ പീഡാനുഭവ സ്മരണയിൽ ഇന്ന് ക്രൈസ്തവർ ദുഃഖവെള്ളി ആചരിക്കുന്നു. സംസ്ഥാനത്തെ വിവിധ ദേവാലയങ്ങളിൽ കുരിശിന്റെ വഴി ഉൾപ്പെടെയുള്ള ചടങ്ങുകൾ നടന്നു. വൈകുന്നേരം ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷകളും നടക്കും. നാളെ രാത്രിയോടെ ഉയിർപ്പു തിരുന്നാളിനുള്ള ശുശ്രൂഷകൾ ആരംഭിക്കും. ഈസ്റ്റർ ദിനമായ ഞായറാഴ്ചയും പ്രത്യേക കുർബാനയും പ്രാർത്ഥനകളും ഉണ്ടായിരിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി റെജു കോലിയാക്കോട്....... (വോയ്സ്)**

&&&&&&&&&&&&&&&&&&&&

## പി.എം - ദുഃഖവെള്ളി

ദുഃഖവെള്ളി ദിനത്തിൽ യേശുക്രിസ്തുവിന്റെ അഗാധമായ ത്യാഗത്തെക്കുറിച്ച് അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. നമ്മുടെ ജീവിതത്തിൽ ദയ, അനുകമ്പ, മഹാമനസ്കത എന്നിവ ഉൾക്കൊള്ളേണ്ടതിന്റെ ഓർമപ്പെടുത്തലായി ഈ ദിവസം നില കൊള്ളുന്നുവെന്ന് അദ്ദേഹം സമൂഹമാധ്യത്തിൽ പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&&

## ഈസ്റ്റർ - ട്രെയിൻ സർവീസ്

ഈസ്റ്റർ തിരക്ക് പരിഗണിച്ച് സംസ്ഥാനത്തെ 10 ട്രെയിൻ സർവീസുകളിൽ അധിക കോച്ച് ഉൾപ്പെടുത്തിയതായി റെയിൽവേ. കോഴിക്കോ ട്-തിരുവനന്തപുരം ജനശതാബ്ദി, കാരയ്ക്കൽ- എറണാകുളം, അമൃത, മാവേലി, മലബാർ ട്രെയിനുകളിലാണ് തിങ്കളാഴ്ച വരെ അധിക കോച്ചുകൾ ഉൾപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&&&

## മുനമ്പം

മുനമ്പം വിഷയം പരിഹരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് കോഴിക്കോട് റോമൻ കാത്തലിക് അതിരൂപത ആർച്ച് ബിഷപ്പ് വർഗ്ഗീസ് ചക്കാലയ്ക്കൽ മാധ്യമങ്ങളോട് പറഞ്ഞു. വിഷയത്തിൽ പരിഹാരം മനപൂർവം വൈകിപ്പിക്കുന്നതാണെന്ന് കരുതുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&

## ശബരിമല - ഭസ്മകുളം

ശബരിമല സന്നിധാനത്ത് നിർമ്മിക്കുന്ന പുതിയ ഭസ്മക്കുളത്തിന്റെ നിർമ്മാണോത്ഘാടനം ഇന്ന് രാവിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി. എസ് പ്രശാന്ത്, ശബരിമല തന്ത്രി കണ്ഠര് രാജീവര് എന്നിവർ ചേർന്ന് നിർവഹിച്ചു. പതിനെട്ടാം പടിക്കു മുന്നിൽ വലിയ നടപ്പന്തലിന് പുറകുവശത്തായാണ് പുതിയ ഭസ്മ കുളം നിർമ്മിക്കുന്നത്.

&&&&&&&&&&&&&&&&&&&&&

## ലോക പൈതൃക ദിനം

ഇന്ന് ലോക പൈതൃക ദിനം. ദുരന്തങ്ങളിൽ നിന്നും സംഘർഷങ്ങളിൽ നിന്നും ഭീഷണി നേരിടുന്ന പൈതൃകം എന്നതാണ് ഈ വർഷത്തെ പ്രമേയം. ഇന്ന് രാജ്യത്തുടനീളമുള്ള

RNU TVPM

എല്ലാ സംരക്ഷിത സ്മാരകങ്ങളിലും പ്രവേശനം സൗജന്യമായിരിക്കുമെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## സഹകരണ എക്സ്പോ - 2025

രാജ്യത്തെ ഏറ്റവും വലിയ സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പ് ഈ മാസം 21 മുതൽ 30 വരെ കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ നടക്കും. ഉത്പന്ന ലോഞ്ച്, ബി2ബി മീറ്റിംഗുകൾ , സെമിനാറുകൾ എന്നിവ എക്സ്പോയുടെ ഭാഗമായി സംഘടിപ്പിക്കും. 250 ലധികം സ്റ്റാളുകളുമുണ്ടാകും.

&&&&&&&&&&&&&&&&&&&&

## ആലപ്പുഴ - കുടുംബശ്രീ (ഇൻട്രോ)

വിനോദ സഞ്ചാരികൾക്കായി കുട്ടനാട്ടിൽ കുടുംബശ്രീ ഒരുക്കിയിട്ടുള്ള ജലകായിക വിനോദ പരിപാടി ശ്രദ്ധേയമാകുന്നു. **വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാപ്രതിനിധി രവി കുമാർ........ വോയ്സ്)**

&&&&&&&&&&&&&&&&&&&&

## ഭക്ഷ്യവിഷബാധ

ഭക്ഷ്യവിഷബാധയെ തുടർന്ന് 12 അതിഥി തൊഴിലാളികളെ എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. വയറിളക്കവും ഛർദിയും അനുഭവപ്പെട്ടതിനെ തുടർന്ന് ഇന്നലെ ഇവർ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. വീട്ടിൽ പാചകം ചെയ്ത ഭക്ഷണം കഴിച്ചതിനെ തുടർന്നാണ് ബുദ്ധിമുട്ടുണ്ടായതെന്ന് രോഗികൾ അറിയിച്ചു. രോഗികളുടെ ആരോഗ്യനില തൃപ്തികരമാണെന്ന് മെഡിക്കൽ സൂപ്രണ്ട് അറിയിച്ചു.

&&&&&&&&&&&&&&&&&&&&

RNU TVPM

**മഴ**

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 5**

**ഐ പി എൽ**

ഐപിഎൽ ടി20 ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പഞ്ചാബ് കിംഗ്സിനെ നേരിടും. ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകുന്നേരം 7:30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&

**ഗവർണർ**

മനുഷ്യത്വം ആതുര സേവന രംഗത്തെ കൂടുതൽ മികച്ചതാക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു. കൊച്ചിയിലെ മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ സൗത്ത് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരാൾ നല്ല മനുഷ്യനാണെങ്കിൽ അയാൾക്ക് ഉറപ്പായും നല്ല ഡോക്ടറോ, പ്രൊഫസറോ, നല്ല രാഷ്ട്രീയക്കാരനോ ആകാൻ സാധിക്കുമെന്നും എന്നും ഗവർണർ പറഞ്ഞു. ഒരു നല്ല വ്യക്തിക്ക് തന്റെ തൊഴിലിൽ മികവ് പുലർത്താൻ കഴിയും.

&&&&&&&&&&&&&&&&&&&&

**വിഴിഞ്ഞം - പി.എം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അടുത്ത മാസം 2 ന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കുമെന്ന് തുറമുഖവകുപ്പ് മന്ത്രി വി.എൻ. വാസവൻ അറിയിച്ചു. ഇത് സംബന്ധിച്ച അറിയിപ്പ് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ലഭിച്ചതായും മന്ത്രി പറഞ്ഞു. 2024 ജൂലൈ 13 മുതലാണ്

RNU TVPM

വിഴിഞ്ഞം തുറമുഖത്ത് ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ വന്നു തുടങ്ങിയത്.

&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - എൻ്റെ കേരളം

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉത്ഘാടനം ഈ മാസം 21 ന് മുഖ്യമന്ത്രി പിണറായി വിജയൻ കാസർഗോഡ് നിർവഹിക്കും. എന്റെ കേരളം പ്രദർശന വിപണന മേളയുടെയും ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും. ഈ മാസം 21 മുതൽ മെയ് 30 വരെ വിപുലമായ പരിപാടികളോടെയാണ് വാർഷികാഘോഷം സംഘടിപ്പിക്കുന്നത്. വാർഷികാഘോഷ പരിപാടിയുടെ സമാപനം തിരുവനന്തപുരത്തു നടക്കും.

&&&&&&&&&&&&&&&&&&&&

RNU TVPM

## തകഴി - സാഹിത്യ പുരസ്കാരം

തകഴി സ്മാരക സമിതിയുടെ സാഹിത്യ പുരസ്കാരം എഴുത്തുകാരി കെ പി സുധീരയ്ക്ക് മുൻമന്ത്രി ജി സുധാകരൻ സമ്മാനിച്ചു. തകഴി ശിവ ശങ്കരപ്പിള്ളയുടെ 113-ാമത് ജന്മദിന സമ്മേളനത്തിൽ വച്ചാണ് പുരസ്കാരദാനം നടത്തിയത്. തകഴി ചെറുകഥ പുരസ്കാരം കോഴിക്കോട് മണിയൂർ സ്വദേശി വിമീഷ് മണിയൂറിന് സമ്മാനിച്ചു.

&&&&&&&&&&&&&&&&&&&&

## വീണാ ജോർജ്ജ്

പെൺകുട്ടികളിലേയും സ്ത്രീകളിലേയും രക്തസംബന്ധമായ രോഗങ്ങൾക്ക് ആരോഗ്യ വകുപ്പ് ചികിത്സാ മാർഗരേഖ തയ്യാറാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. വേൾഡ് ഫെഡറേഷൻ ഓഫ് ഹീമോഫീലിയയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഹീമോഫീലിയ ടെക്നിക്കൽ കമ്മിറ്റിയാണ് മാർഗരേഖ തയ്യാറാക്കിയത്.

&&&&&&&&&&&&&&&&&&&&

## മുങ്ങി മരിച്ചു

ഭാരതപ്പുഴ കുറ്റിപ്പുറത്ത് ഒഴുക്കിൽപ്പെട്ട് രണ്ട് പേർ മരിച്ചു. തവനൂർ സ്വദേശി ആബിദ സഹോദരൻ്റെ മകൻ മുഹമ്മദ് ലിയാൻ എന്നിവരാണ് മരിച്ചത്. ഇന്നലെ പുഴയിൽ കുളിക്കാനിറങ്ങിയ ലിയാൻ ഒഴുക്കിൽ പെട്ടത് കണ്ട് രക്ഷിക്കാനിറങ്ങിയതാണ് ആബിദ .

&&&&&&&&&&&&&&&&&&&&

## അപകടം

ഇടുക്കി മരക്കാനം കൊമ്പൊടിഞ്ഞാൽ റോഡിൽ മിനിവാൻ താഴ്ചയിലേക്ക് മറിഞ്ഞപകടം. വിനോദ സഞ്ചാരികൾ യാത്ര ചെയ്തിരുന്ന വാഹനമാണ് അപകടത്തിൽപ്പെട്ടത്. വാഹനയാത്രികർ ചെറിയ പരിക്കുകളോടെ രക്ഷപ്പെട്ടു.

&&&&&&&&&&&&&&&&&&&&

## റാന്നി - അപകടം

റാന്നിയിൽ കെ എസ് ആർ ടി സി ബസും കാറും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. റാന്നി സ്വദേശി സണ്ണി ഫിലിപ്പാണ് മരിച്ചത് പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയിൽ ചെല്ലക്കാട് എന്ന സ്ഥലത്താണ് അപകടം ഉണ്ടായത്.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

RNU TVPM